പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 173 **26-10-2026-ൽ മറുപടിയ്ക്ക്**

സീറോ വേസ്റ്റ് സംസ്ഥാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) ഒരിടത്തും മാലിന്യമില്ലാത്ത സീറോ വേസ്റ്റ് സംസ്ഥാനമാക്കി കേരളത്തെ മാറ്റാനും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി പ്ലാന്റുകൾ സ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

മറുപടി: കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിനും ശാസ്ത്രീയ മാലിന്യസംസ്കരണത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കുന്നതിനുമായി 2026 ഒക്ടോബർ 2-ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ 'നിർമ്മലം – പുതുയുഗ ശുചിത്വ കേരളം' ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. 2031 മാർച്ച് 30-ന് അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനത്തിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സ.ഉ.(കൈ) നം. 128/2026/ത.സ്വ.ഭ.വ., തീയതി 30.09.2026 പ്രകാരമുള്ള കർമ്മപദ്ധതിയുടെ ഭാഗമായി ഉറവിട മാലിന്യസംസ്കരണം ശക്തിപ്പെടുത്തുന്നതിനും ബയോ-സി.ബി.ജി., ബയോഗ്യാസ്, കമ്പോസ്റ്റിങ്, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, റിസോഴ്സ് റിക്കവറി, ആർ.ഡി.എഫ്. തുടങ്ങിയ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനും സാനിറ്ററി, സി&ഡി, മലിനജലം ഉൾപ്പെടെയുള്ള വിവിധ വിഭാഗം മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ-സ്വകാര്യ പങ്കാളിത്തം, നൂതന സാങ്കേതികവിദ്യകൾ, ഡിജിറ്റൽ നിരീക്ഷണം, പൊതുജനപങ്കാളിത്തം എന്നിവയിലൂടെ വിജയകരമായ മാതൃകകൾ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കാനും ലക്ഷ്യമിടുന്നു.

(ബി) കേരളത്തെ സമ്പൂർണ്ണ ശുചിത്വത്തിലേക്ക് നയിക്കാനും മാലിന്യ പരിപാലനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും വേണ്ടി നിർമ്മലം പുതുയുഗ ശുചിത്വ കേരളം പദ്ധതി നടപ്പാക്കുമോ; വിശദമാക്കുമോ;

മറുപടി: കേരളത്തെ സമ്പൂർണ്ണ ശുചിത്വത്തിലേക്ക് നയിക്കുന്നതിനും മാലിന്യപരിപാലനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ 'നിർമ്മലം – പുതുയുഗ ശുചിത്വ കേരളം' ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു. സ.ഉ. (കൈ) നം. 128/2026/ത.സ്വ.ഭ.വ., തീയതി 30.09.2026 പ്രകാരം അംഗീകരിച്ച പ്രവർത്തന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ 2026 ഒക്ടോബർ 2-ന് ആരംഭിച്ച ക്യാമ്പയിൻ 2031 മാർച്ച് 30-നകം ലക്ഷ്യം

കൈവരിക്കുന്നതിനായി ഹ്രസ്വകാല, മധ്യകാല, ദീർഘകാല പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നു. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, ഉറവിടത്തിൽ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുക, പുനരുപയോഗവും പുനഃചംക്രമണവും പ്രോത്സാഹിപ്പിക്കുക, പൊതുസ്ഥലങ്ങളും ജലാശയങ്ങളും മാലിന്യമുക്തമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, ഹരിതകർമസേന, കുടുംബശ്രീ, സന്നദ്ധസംഘടനകൾ, വിദ്യാർഥികൾ, വ്യാപാരി-വ്യവസായി സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ ഏകോപിത പങ്കാളിത്തത്തിലൂടെ ശാസ്ത്രീയ മാലിന്യപരിപാലനം ജീവിതശൈലിയുടെ ഭാഗമാക്കുകയും മാലിന്യസംസ്കരണ മേഖലയിലെ തൊഴിൽ-നിക്ഷേപ സാധ്യതകൾ വർധിപ്പിക്കുകയും ചെയ്യുകയാണ് ക്യാമ്പയിന്റെ ലക്ഷ്യം.

(സി) സംസ്ഥാനത്തെ ഓരോ വാർഡിലും ഏതെങ്കിലും ഒരു പൊതുസ്ഥലം തിരഞ്ഞെടുത്ത് നൂറു ദിവസം കൊണ്ട് വൃത്തിയാക്കാനും ഇതുവഴി നൂറു ദിവസത്തിനകം സംസ്ഥാനത്താകെ ഇരുപതിനായിരത്തിലേറെ 'ഗ്രീൻ പോയിന്റുകൾ' സൃഷ്ടിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>മറുപടി:</u> സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'നിർമ്മലം – പുതുയുഗ ശുചിത്വ കേരളം' ക്യാമ്പയിനിന്റെ ഭാഗമായി 'IC 100 Challenge – I Care, I Clean, I Commit' എന്ന പേരിൽ 100 ദിവസത്തെ ജനകീയ ശുചീകരണ പരിപാടി നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും എല്ലാ വാർഡുകളിലുമുള്ള മാലിന്യം നിക്ഷേപിക്കാൻ സാധ്യതയുള്ളതോ നിലവിൽ മാലിന്യം കൂന്നുകൂടിയതോ ആയ പൊതുസ്ഥലങ്ങൾ (GVPs) കണ്ടെത്തി ജനപങ്കാളിത്തത്തോടെ ശുചീകരിക്കുകയും 100 ദിവസത്തേക്ക് മാലിന്യമുക്തമായി നിലനിർത്തുകയും ചെയ്യും. ബോധവത്കരണം, മുന്നറിയിപ്പ് ബോർഡുകൾ, നിരന്തര നിരീക്ഷണം, ആവശ്യമായിടത്ത് CCTV സംവിധാനങ്ങൾ, ഹരിതകർമസേനയുടെ സേവനം, മാലിന്യശേഖരണ സംവിധാനങ്ങളുമായുള്ള ഏകോപനം എന്നിവയിലൂടെ ഈ സ്ഥലങ്ങളെ സുസ്ഥിരമായ 'Clean & Sustainable Points' ആക്കി മാറ്റുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ